# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ
കെ.പി.എഫ്.സി. ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം-10
ഫോൺ: (0471) 2735544, ഫാക്സ്: (0471) 2735599 ഇ-മെയിൽ:kserc@erckerala.org വെബ്സൈറ്റ്: www.erckerala.org


തിരുവനന്തപുരം **പത്രക്കുറിപ്പ്** 2010 സെപ്റ്റംബർ 28

## സർവ്വീസ് കണക്ഷൻ ചാർജ്ജ് നിർത്തലാക്കി കമ്മീഷൻ ഉത്തരവായി

വൈദ്യുതി കണക്ഷൻ നൽകുന്നതിന് സംസ്ഥാന വൈദ്യുതി ബോർഡ് അനധികൃതമായി ഈടാക്കി വന്നിരുന്ന സർവ്വീസ് കണക്ഷൻ ചാർജ്ജ് നിർത്തലാക്കിക്കൊണ്ട് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവായി.

വൈദ്യുതി നിയമ പ്രകാരം കമ്മീഷൻ അംഗീകരിച്ച ചാർജ്ജുകളും നിരക്കുകളും അല്ലാതെ മറ്റൊന്നും ഉപഭോക്താക്കൾക്കുമേൽ ചുമത്താൻ ലൈസൻസികൾക്ക് അധികാരമില്ല. ഇതിന്റെ വെളിച്ചത്തിൽ സർവ്വീസ് കണക്ഷൻ ചാർജ്ജ് എന്ന പേരിൽ ഈടാക്കിയിരുന്ന തുക അനധികൃതമാണെന്നും അത് നിർത്തലാക്കണമെന്നും ആവശ്യപ്പെട്ട് ഒരു കൂട്ടം ഉപഭോക്താക്കൾ കമ്മീഷന് മുമ്പാകെ പരാതി നൽകിയിരുന്നു. ഇതിന്റെ വാദം കേൾക്കൽ വേളയിൽ എല്ലാ വിഭാഗം ഉപഭോക്താക്കളിൽ നിന്നും എസ്റ്റിമേറ്റ് തുകയ്ക്കും അംഗീകൃത നിരക്കുകൾക്കും പുറമെ സർവ്വീസ് കണക്ഷൻ ചാർജ്ജും ഈടാക്കി വരുന്നതായി ബോർഡ് പ്രതിനിധികൾ സമ്മതിക്കുകയുണ്ടായി. ഇതിന്റെ വെളിച്ചത്തിലാണ് കമ്മീഷന്റെ പുതിയ ഉത്തരവ്.

സംസ്ഥാന വൈദ്യുതി സ്പ്ലൈ കോഡ് പ്രാബല്യത്തിൽ വന്ന 2005 മാർച്ച് മുതൽ ലൈസൻസികൾ ഈടാക്കി വന്നിരുന്ന സർവ്വീസ് കണക്ഷൻ ചാർജ്ജ് അനധികൃതമാണെന്ന് ഉത്തരവ് വ്യക്തമാക്കുന്നു. കൂടാതെ, കമ്മീഷൻ അംഗീകരിച്ച ചാർജ്ജുകളും നിരക്കുകളും ലൈസൻസികൾ സെക്ഷൻ ആഫീസുകളിലും സ്വന്തം വെബ്സൈറ്റുകളിലും പൊതുജനങ്ങളുടെ അറിവിലേക്കായി പ്രദർശിപ്പിക്കണമെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

**സെക്രട്ടറി**

KSERC/PR/24/2010